**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - കൂനൂരിൽ വച്ചുണ്ടായ ഹെലികോപ്റ്റർ അപകടത്തിൽ മരണപ്പെട്ട വ്യോമസേനയിലെ ജൂനിയർ വാറന്റ് ഓഫീസർ ശ്രീ.എ.പ്രദീപിന്റെ ആശ്രിതർക്ക് ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ വകുപ്പ്**

**സ.ഉ(കൈ)നം.17/2021/സൈ.ക്ഷേ.വ തീയതി, തിരുവനന്തപുരം :16.12.2021**

---

പരാമർശം:- 1. 17.01.2012 ലെ സ.ഉ(എം.എസ്) 14/2012/പൊ.ഭ.വ നമ്പർ ഉത്തരവ്.
2. 15.11.2001 ലെ സ.ഉ(എം.എസ്) 434/01/പൊ.ഭ.വ നമ്പർ ഉത്തരവ്.
3. തൃശ്ശൂർ ജില്ലാ കളക്ടറുടെ 13.12.2021 ലെ DCTSR/10821/2021-C2 നമ്പർ കത്ത്.

## ഉത്തരവ്

08.12.2021 ൽ തമിഴ്നാട് കൂനൂരിൽ വച്ചുണ്ടായ ഹെലികോപ്റ്റർ അപകടത്തിൽ ഇന്ത്യൻ വ്യോമസേനയിലെ ജൂനിയർ വാറന്റ് ഓഫീസർ ശ്രീ.എ.പ്രദീപ് മരണപ്പെടുകയുണ്ടായി.

പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം സൈനിക സേവനത്തിനിടെ മരണമടയുന്ന സൈനികരുടെ ആശ്രിതർക്ക് ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി ധനസഹായത്തിന് അർഹതയുള്ളതാണ്.

മരണപ്പെട്ട ശ്രീ.എ.പ്രദീപിന്റെ പിതാവ് അസുഖബാധിതനും വെന്റിലേറ്റർ സഹായം ആവശ്യമുള്ള വ്യക്തിയുമാണെന്നും ശ്രീ.എ.പ്രദീപിന്റെ ഏകവരുമാനത്തെ ആശ്രയിച്ചാണ് ടിയാന്റെ ഭാര്യ ശ്രീലക്ഷ്മിയും രണ്ടു മക്കളും ജീവിച്ചിരുന്നതെന്നും ടി വരുമാനത്തിലാണ് രോഗിയായ പിതാവിന്റെ ചികിത്സ നടന്നു വന്നിരുന്നതെന്നും പരാമർശം (3) പ്രകാരം ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം പരിശോധിച്ചു. മരണമടയുന്ന സൈനികരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും ധനസഹായം നൽകുന്നതിന് നിലവിലുള്ള നിയമത്തിൽ ഇളവു വരുത്തിക്കൊണ്ട് ശ്രീ.എ.പ്രദീപിന്റെ ആശ്രിതർക്ക് **5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം)** ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത തുകയിൽ നിന്നും അടിയന്തര ധനസഹായമായി അനുവദിച്ച 50,000/- രൂപ കുറച്ച് ബാക്കി 4,50,000/- രൂപ [മരണപ്പെട്ട ശ്രീ.എ.പ്രദീപിന്റെ ഭാര്യ ശ്രീമതി.ശ്രീലക്ഷ്മിയ്ക്ക് 3,25,000/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) , മാതാവ് ശ്രീമതി.പത്മിനി രാധാകൃഷ്ണന് 1,25,000/- രൂപ (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) എന്ന നിരക്കിൽ] ഫണ്ടിന്റെ ട്രഷററായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഇലക്ട്രോണിക് മണി ട്രാൻസ്ഫർ ചെയ്ത് ഉടൻ നൽകേണ്ടതാണ്. [ശ്രീമതി.ശ്രീലക്ഷ്മിയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചൊവ്വന്നൂർ ശാഖയിലെ അക്കൗണ്ട് നമ്പർ 31488758560 (IFSC SBIN0008607) ലേയ്ക്ക് മൂന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപയും മാതാവ് ശ്രീമതി.പത്മിനി രാധാകൃഷ്ണന്റെ ബാങ്ക് ഓഫ് ഇന്ത്യയുടെ പൊന്നൂക്കര ശാഖയിലെ അക്കൗണ്ട് നമ്പർ 855710510000128 (IFSC BKID0008509) ലേയ്ക്ക് ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപയും എന്ന നിരക്കിൽ]

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ.രാജു നാരായണ സ്വാമി.ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്-

1. അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യ വകുപ്പ്), ട്രഷറർ, ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധി.
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്. വികാസ്ഭവൻ, തിരുവനന്തപുരം.
3. ശ്രീമതി.ശ്രീലക്ഷ്മി (W/o late ശ്രീ.എ.പ്രദീപ്, അറയ്ക്കൽ വീട്, പൊന്നൂക്കര, പുത്തൂർ വില്ലേജ്, തൃശ്ശൂർ ജില്ല-680306 (Regd post with A/D)
4. ശ്രീമതി.പത്മിനി രാധാകൃഷ്ണൻ, W/o.രാധാകൃഷ്ണൻ, അറയ്ക്കൽ വീട്, പൊന്നൂക്കര, പുത്തൂർ വില്ലേജ്, തൃശ്ശൂർ ജില്ല-680306 (Regd post with A/D)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
7. ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
8. പൊതുഭരണ (എസ്.സി) വകുപ്പ് (15.12.2021 തീയതിയിലെ ഇനം നമ്പർ OA 449 പ്രകാരം)
9. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-12-2021

ഇനം നം: 449
O.A.

വിഷയം : റവന്യൂ വകുപ്പ് - കൂനൂരിൽ നടന്ന ഹെലികോപ്റ്റർ അപകടത്തിൽ മരണപ്പെട്ട ജൂനിയർ വാറന്റ് ഓഫീസർ പ്രദീപിന്റെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നത്.

തീരുമാനം :

1. യുദ്ധത്തിലോ, യുദ്ധസമാനമായ സാഹചര്യത്തിലോ മരണപ്പെടുന്ന കേരളീയരായ സൈനികരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാരിൽ ജോലി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച 29.04.2002-ലെ സ.ഉ.(പി). നം. 110/2002/പൊ.ഭ.വ. നമ്പർ ഉത്തരവിലെ നടപടിക്രമങ്ങളിൽ ഇളവ് വരുത്തി, ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, തമിഴ്നാട്ടിലെ ഊട്ടി, കൂനൂരിൽ വച്ചുണ്ടായ ഹെലികോപ്റ്റർ അപകടത്തിൽ മരണപ്പെട്ട വ്യോമസേനയിലെ ജൂനിയർ വാറന്റ് ഓഫീസർ എ. പ്രദീപിന്റെ ഭാര്യ ശ്രീമതി. ശ്രീലക്ഷ്മിയ്ക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യത കൂടി പരിഗണിച്ച് തൃശ്ശൂർ ജില്ലയിൽ ഏതെങ്കിലും സർക്കാർ വകുപ്പിൽ ക്ലാസ്സ് - 3 തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സൈനികക്ഷേമ വകുപ്പിന് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.
2. പ്രദീപിന്റെ അച്ഛന്റെ ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും മൂന്ന് ലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനിച്ചു.
3. മരണമടയുന്ന സൈനികരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽ നിന്നും ധനസഹായം നൽകുന്നതിന്

നിലവിലുള്ള നിയമത്തിൽ ഇളവ് വരുത്തിക്കൊണ്ട് പ്രദീപിന്റെ ആശ്രിതർക്ക് അഞ്ചു ലക്ഷം രൂപ മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, സൈനികക്ഷേമ വകുപ്പ്.